**SREEPATHY INSTITUTE OF MANAGEMENT AND TECHNOLOGY (SIMAT)**
**Vavanoor, Palakkad - 679 533**

As per the Govt. of Kerala directive no: K1/ 301/2018/HED dated 25-10-2018 attached, the MALAYALAM PLEDGE ( Bhasha Prathinjya) was taken by the SIMAT staff and students with the institution head reading TODAY at 11 AM

UNIVERSITY OF CALICUT
6008
29 OCT 2018
P.O. UNIVERSITY OF CALICUT

**ACTION TODAY -
25-10-2018**

# കേരള സർക്കാർ

## ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

നം.കെ1/301/2018/ഉ.വി.വ

തിരുവനന്തപുരം
തീയതി, 25-10-2018

## പരിപത്രം

DEVELOPMENT COUNCIL
30 OCT 2018
UNIVERSITY OF CALICUT

വിഷയം :- ഉന്നത വിദ്യാഭ്യാസ വകുപ്പ് - ആഗോളതലത്തിൽ മലയാളികളെ ഭാഷാടിസ്ഥാനത്തിൽ ഏകോപിപ്പിച്ചുകൊണ്ടുള്ള "ഭൂമി മലയാളം"- 'നവംബർ 1' – ലോകമലയാളദിനാചരണം പദ്ധതിയുടെ ഭാഗമായ ഭാഷാപ്രതിജ്ഞ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- മലയാളം മിഷൻ ഡയറക്ടറുടെ 22.10.2018-ലെ 1495/18/മ.മി നമ്പർ കത്ത്.

do needful
30/10/18

കേരളം അഭിമുഖീകരിച്ച അത്യന്തം ഭീകരമായ പ്രകൃതി ദുരന്തത്തിന്റെ തുടർച്ചയായി നാം ഒറ്റക്കെട്ടായി ഏറ്റെടുത്തു നടത്തുന്ന നാടിന്റെ പുനഃനിർമ്മാണ പ്രക്രിയയുടെ പശ്ചാത്തലത്തിൽ ആഗോള തലത്തിൽ, ഭാഷാടിസ്ഥാനത്തിൽ മലയാളികളെ ഒരു ഏകീകൃത പ്രവർത്തനത്തിന്റെ ഭാഗമാക്കുന്ന ഒരു പദ്ധതി **'ഭൂമി മലയാളം'** എന്ന പേരിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പരമാവധി മലയാളികളെ ബന്ധിപ്പിക്കുക, ഒരേ സമയം ഭാഷാപ്രതിജ്ഞ ഏറ്റുചൊല്ലൽ ഉൾപ്പെടെയുള്ള വിവിധ പരിപാടികളിൽ പങ്കാളികളാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം ഈ സാഹചര്യത്തിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഭാഷാ പ്രതിജ്ഞ ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, 2018 നവംബർ 1 - കേരളപ്പിറവി ദിനത്തിൽ

[മറുപുറം കാണുക]

Scanned by CamScanner

സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച നടപടി വിശദാംശങ്ങൾ അതത് സ്ഥാപനങ്ങളുടെ website -ൽ രേഖപ്പെടുത്തേണ്ടതുമാണ്.

**ബിജു. റ്റി**
അണ്ടർ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
6. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/ കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം.റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
7. കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം-686 585
8. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE), കോ-ബാങ്ക് ടവേഴ്സ്, ഫസ്റ്റ് ഫ്ലോർ, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം
9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (for uploading in Government website)
10. നോഡൽ ഓഫീസർ, വെബ് സൈറ്റ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Bindhu

സെക്ഷൻ ഓഫീസർ

Scanned by CamScanner

# മലയാളം മിഷൻ

# ലോക മലയാള ദിനം

## 2018 നവംബർ 1

### ഭാഷാപ്രതിജ്ഞ

ഭൂമി മുഴുവൻ പടർന്നുകിടക്കുന്ന ബൃഹത്തായ മലയാളി സമൂഹത്തിന്റെ ഭാഗമാണെന്നതിൽ ഞാൻ അഭിമാനിക്കുന്നു. ലോക സംസ്കാരത്തിനും സാഹിത്യത്തിനും മലയാളവും മലയാളികളും ചെയ്ത സംഭാവനകൾ എന്നെ ആഹ്ലാദിപ്പിക്കുന്നു. മലയാളിയുടെ മതാതീതമായ സൗഹൃദവും നവോത്ഥാനത്തിലൂടെ മലയാളികൾ കൈവരിച്ച ആധുനികമായ അവബോധവും എന്റെ കർമ്മത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു. മലയാളിയുടെ സമത്വഭാവനയെ ഞാൻ ആദരിക്കുന്നു..

എന്റെ ഭാഷ ഞാൻ ലോകത്തെ നോക്കിക്കാണുന്ന രീതിയാണ്. എന്റെ ഓർമ്മകളും അനുഭവവും ഭാവനയും രൂപപ്പെടുത്തുന്നതിൽ അതിനു പ്രധാനമായ പങ്കുണ്ട്. മലയാളം എന്റെ സ്വത്വത്തെ നിർവചിക്കുന്ന ആദ്യഘടകമാണ്. ഞാൻ ഈ രാജ്യത്തും ലോകത്തിലും ഒരു മലയാളി എന്ന നിലയിൽ തന്നെ എന്നെ തിരിച്ചറിയുന്നു.

അനേകം മതങ്ങളും ലോകവീക്ഷണങ്ങളും സാമൂഹ്യ ജാഗ്രതാ പ്രസ്ഥാനങ്ങളും കലാ-സാഹിത്യ രൂപങ്ങളും സമൃദ്ധമാക്കിയതാണ് കേരളീയ സംസ്കൃതി. അതിന്റെ അവകാശിയായത് എന്റെ സൗഭാഗ്യമാണ്. എന്റെ ഭാഷയെയും സംസ്കാരത്തെയും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് എന്റെ കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഭൂമിയുടെ ഏത് കോണിൽ ജീവിച്ചാലും എന്റെ ഭാഷയെ ഞാൻ വിസ്മരിക്കുകയില്ല. വരും തലമുറകളിലേക്കും ആ ഭാഷയും അതിലൂടെ ഞാൻ അവകാശമാക്കിയ സംസ്കാരവും പകരുവാൻ കഴിവിന്റെ പരമാവധി പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു

"എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം"

Scanned by CamScanner